# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 931      02/12/2015 -ൽ മറുപടിക്ക്

## ജലനിധി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.കെ.ലതിക | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിൽ ജലനിധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) ജലനിധി ഒന്നാം ഘട്ടത്തിൽ കുറ്റ്യാടി മണ്ഡലത്തിലെ കുന്നുമ്മൽ പഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കി. രണ്ടാംഘട്ടത്തിൽ ബാച്ച് 2-ൽ മണിയൂർ പഞ്ചായത്തിലും ബാച്ച് 3-ൽ ആയഞ്ചേരി, പുറമേരി, വില്യാപ്പള്ളി പഞ്ചായത്തുകളിലും പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) ഓരോ പഞ്ചായത്തിലെയും പദ്ധതി അടങ്കൽ എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; | (ബി) കുന്നുമ്മൽ ഗ്രാമപഞ്ചായത്ത് |

കുന്നുമ്മൽ ഗ്രാമപഞ്ചായത്ത്

(രൂപ ലക്ഷത്തിൽ)

| പ്രവൃത്തി | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|
| കുടിവെള്ള പദ്ധതികൾ | 158.46 | 125.86 |
| ശുചിമുറികൾ | 16.17 | 8.24 |
| കമ്പോസ്റ്റ് | 0.46 | 0.17 |
| ഭൂജല സംവർദ്ധനം | 1.06 | 0.62 |
| ഗ്രാമപഞ്ചായത്ത് ശാക്തീകരണം | 10.00 | 7.06 |
| ഡ്രെയിനേജ് | 13.00 | 10.36 |
| പരിശീലനം | 1.58 | 0.28 |
| ചെറുകിട സംരംഭങ്ങൾ | 12.33 | -- |
| നൈപുണ്യവികസനം | 2.78 | -- |
| നൂതന പദ്ധതി | 4.54 | -- |

മണിയൂർ ഗ്രാമപഞ്ചായത്ത്

(രൂപ ലക്ഷത്തിൽ)

| പ്രവൃത്തി | എണ്ണം | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|
| കുടിവെള്ള പദ്ധതികൾ | 20 | 1579.67 | 233.77 |

| | | | |
|---|---|---|---|
| ശുചിത്വ പദ്ധതികൾ | 97 | 1.74 | 1.07 |
| ഭൂജലസംവർദ്ധനം | 5 | 4.90 | 4.32 |
| ഗ്രാമപഞ്ചായത്ത് ശാക്തീകരണം | – | 1.97 | 1.97 |
| ഇൻഫർമേഷൻ എഡ്യുക്കേഷൻ കമ്മ്യൂണിക്കേഷൻ | | 0.60 | 0.60 |

| | |
|---|---|
| (സി) ഓരോ പഞ്ചായത്തുകളിലും പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ? | (സി) കുന്നുമ്മൽ പഞ്ചായത്തിൽ 28 ചെറുകിട കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് ഗുണഭോക്തൃ സമിതിക്ക് 2001-ൽ കൈമാറിയിട്ടുണ്ട്. രണ്ടാംഘട്ടത്തിലെ ബാച്ച്-2 ൽപ്പെട്ട മണിയൂർ പഞ്ചായത്തിൽ 21 പദ്ധതികളിൽ 18 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പദ്ധതികളുടെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ബാച്ച്-3 ൽപ്പെട്ട ആയഞ്ചേരി, പുറമേരി, വല്യാപ്പള്ളി പഞ്ചായത്തിലെ പദ്ധതികൾ പ്രാരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ